(സി) അടിസ്ഥാന സൗകര്യ വികസനത്തിന്റെ ഭാഗമായി സ്കൂളുകളുടെ കെട്ടിട നിർമ്മാണം നടത്തുന്നത് പൊതുമരാമത്ത് വകുപ്പാണ്. പൊതുമരാമത്ത് വകുപ്പിന്റെ ശീർഷകത്തിലാണ് ഇക വകയിരുത്തിയിട്ടുള്ളത്. പൊതുമരാമത്ത് വകുപ്പിന്റെ ലിസ്റ്റനുസരിച്ച് പൊതുവിദ്യാഭ്യാസ വകുപ്പിന്റെ ഊഴം എത്താത്തതുകൊണ്ട് കെട്ടിട നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. അതിനാൽ അടിസ്ഥാന സൗകര്യ വികസനത്തിനായി വകയിരുത്തിയിട്ടുള്ള ഇക പൂർണ്ണമായി വിനിയോഗിക്കാൻ സാധിച്ചിട്ടില്ല.

കെ-ടെറ്റ് പരീക്ഷ

35 (1111) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ-ടെറ്റ് പരീക്ഷയുടെ വിജയ ശതമാനം വളരെ കുറഞ്ഞു നിൽക്കുന്നത് വിലയിരുത്തിയിട്ടുണ്ടോ;

(ബി) അദ്ധ്യാപക ട്രെയിനിംഗ് കോഴ്സ് പൂർത്തിയാക്കുന്ന വിദ്യാർത്ഥികൾ പ്രസ്തുത പരീക്ഷയും വിജയിക്കണം എന്ന് ഉത്തരവിറക്കാനിടയായ സാഹചര്യം വിശദമാക്കാമോ;

(സി) അദ്ധ്യാപക നിയമനത്തിന് പ്രസ്തുത പരീക്ഷാ വിജയം നിർബന്ധമാക്കിയിട്ടുണ്ടോ; അൺ എയ്ഡഡ് സ്കൂളുകൾക്കും ഇത് ബാധകമാണോ; വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) എൽ.പി./യു.പി./എച്ച്.എസ്. അദ്ധ്യാപകരുടെ ഉണനിലവാരം നിർണ്ണയിക്കുന്നതിനായുള്ള പരീക്ഷയാണ് കെ-ടെറ്റ്. ആയതിനാൽ ഉയർന്ന നിലവാരത്തിലുള്ള ചോദ്യങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. അതുകൊണ്ടാണ് വിജയശതമാനത്തിൽ നേരിയ കുറവ് ഉണ്ടാകുന്നതെന്ന് വിലയിരുത്തിയിട്ടുണ്ട്.

(ബി) 2009-ലെ കേന്ദ്ര വിദ്യാഭ്യാസ അവകാശ നിയമത്തിലെ സെക്ഷൻ 23 (1)-ലെ വ്യവസ്ഥകൾക്കനുസൃതമായി കേന്ദ്ര അക്കാദമിക കൗൺസിൽ ആയ എൻ.സി.റ്റി.ഇ. (നാഷണൽ കൗൺസിൽ ഓഫ് ടീച്ചർ എഡ്യൂക്കേഷൻ) പുറപ്പെടുവിച്ച നിർദ്ദേശങ്ങൾ പ്രകാരമാണ് കെ-ടെറ്റ് പരീക്ഷ നിർബന്ധമാക്കിയത്.

(സി) ഉണ്ട്. അൺ എയ്ഡഡ് സ്കൂളുകൾക്കും ബാധകമാണ്.

LIBRARY ARCHIVES Kerala Legislative Assembly